"ഭരണഭാഷ- മാതൃഭാഷ"

വിവര പൊതുജന സമ്പർക്ക വകുപ്പ്

നമ്പർ. സി3./83./2024- ഐ&പിആർ                    17-11-2025,തിരുവനന്തപുരം

**റീ - ടെണ്ടർ നോട്ടീസ്**

വിവര പൊതുജന സമ്പർക്ക വകുപ്പ് പ്രസിദ്ധീകരണങ്ങളായ സമകാലിക ജനപഥം, കേരള കോളിംഗ് എന്നിവയുടെ 2025 ഡിസംബർ മുതൽ 2026 നവംബർ വരെയുള്ള അച്ചടി ജോലികൾ നിർവ്വഹിക്കുന്നതിന് താത്പര്യമുള്ള ആധുനിക സൗകര്യങ്ങളുള്ള അച്ചടി സ്ഥാപനങ്ങളിൽ നിന്നും വകുപ്പിന്റെ നിബന്ധനകൾ പാലിച്ചു കൊണ്ട് മത്സര സ്വഭാവമുള്ള ടെണ്ടറുകൾ ക്ഷണിക്കുന്നു.

**1. സമകാലിക ജനപഥം (മലയാളം) & Kerala Calling (ഇംഗ്ലീഷ്)**

പേജ് : 48 + കവർ
സൈസ് : 19.7 cm X 27 cm
കളർ : മൾട്ടികളർ
പേപ്പർ : കവർ - 120 GSM Art paper
അകം പേജ് 65 GSM LWC
ബൈൻഡിംഗ് : സെൻട്രൽ സ്റ്റാപ്ലിംഗ്

പ്രസിദ്ധീകരണം ഒരു കോപ്പി പ്രിൻറ് ചെയ്യുന്നതിനുള്ള തുകയും അധികം ഉപയോഗിക്കേണ്ടതായി വരുന്ന ഓരോ ഫോറം പ്രിൻറ് ചെയ്യുന്നതിനുള്ള തുകയും രേഖപ്പെടുത്തേണ്ടതാണ്.

**പൊതു നിബന്ധനകൾ**

1 . കേരളത്തിൽ ഓഫീസും സ്വന്തമായി പ്രസ്സുമുള്ള സ്ഥാപനത്തെ മാത്രമേ പരിഗണിക്കുകയുള്ളൂ ബന്ധപ്പെട്ട രേഖകൾ അപേക്ഷയോടൊപ്പം സമർപ്പിക്കണം.

2. Press Registrar General of India യുടെ Press Seva Portal-ൽ രജിസ്റ്റർ ചെയ്ത സ്ഥാപനത്തിന് മുൻഗണന.

3 . മുപ്പത് ലക്ഷം രൂപയുടെ ടേൺ ഓവർ ഉള്ള സ്ഥാപനമായിരിക്കണം. പ്രസിദ്ധീകരണങ്ങൾ അച്ചടിക്കുന്നതിൽ കുറഞ്ഞത് 3 വർഷത്തെ പ്രവൃത്തി പരിചയമെങ്കിലും ഉണ്ടായിരിക്കണം. ബന്ധപ്പെട്ട രേഖകൾ അപേക്ഷയോടൊപ്പം സമർപ്പിക്കണം.

4 . അച്ചടിക്കായി മാറ്റർ നല്കി കഴിഞ്ഞാൽ പരമാവധി കുറഞ്ഞ സമയത്തിനകമോ വകുപ്പ് നിർദ്ദേശിക്കുന്നതിനനുസരിച്ചോ അച്ചടി പൂർത്തിയാക്കി പ്രസിദ്ധീകരണം ലഭ്യമാക്കണം.

5. ഓരോ ലക്കം മാസികയ്ക്കുമൊപ്പം തപാലിൽ അയയ്ക്കുന്നതിനുള്ള A4 വലിപ്പത്തിലുള്ള പേപ്പർ കവർ (മുകളിൽ ടൈറ്റിൽ വ്യക്തമായി കാണുന്ന വിൻഡോ എൻവലപ്പ് സൗജന്യമായി അച്ചടിച്ച് ലഭ്യമാക്കേണ്ടതാണ്. ഇത് തപാൽ വകുപ്പ് അനുശാസിക്കുന്ന തരത്തിൽ മാസികയുടെ രജിസ്ട്രേഷൻ സംബന്ധിച്ച വിവരങ്ങൾ കവർ പൊട്ടിച്ച് നോക്കാതെ തന്നെ കാണത്തക്കവിധത്തിൽ ഡിസൈൻ ചെയ്യുതായിരിക്കണം. പേപ്പർ കവറിൽ മേൽ വിലാസം അച്ചടിക്കേണ്ടതാണ്.

6. മേൽവിലാസപ്പട്ടിക അച്ചടിച്ച് മാസികകൾ പോസ്റ്റ് ഓഫീസ് അടിസ്ഥാനത്തിൽ വേർതിരിച്ച് ആർ എം എസ് / Logistics Postal Service (ഏതാണോ നിർദേശിക്കുന്നത് അത്) എത്തിക്കേണ്ട ചുമതല അച്ചടി സ്ഥാപനത്തിനായിരിക്കും.

7. അച്ചടിക്കൂലിയും നിയമാനുസൃതമായ നികുതിയും അല്ലാതെ മറ്റൊരു തുകയും അനുവദിക്കുന്നതല്ല. ആയതിനാൽ മറ്റ് ഫീസോ നിരക്കോ ബില്ലിൽ ഉൾപ്പെടുത്താൻ പാടുള്ളതല്ല.

8. ഓരോ മാസവും ആവശ്യമുള്ള കോപ്പികളുടെ എണ്ണം സംബന്ധിച്ച് നൽകുന്ന വർക്ക് ഓർഡർ പ്രകാരം കോപ്പികൾ അച്ചടിച്ച് ലഭ്യമാക്കേണ്ടതാണ്.

9. വകുപ്പിൽ നിന്ന് മുമ്പ് അച്ചടി കരാർ ലഭിച്ച ശേഷം കരാർ ലംഘനം നടത്തിയ സ്ഥാപനങ്ങളെ പരിഗണിക്കാതിരിക്കാൻ ഡയറക്ടർക്ക് അധികാരമുണ്ടായിരിക്കുന്നതാണ്.

10. അച്ചടിയുമായി ബന്ധപ്പെട്ട സാങ്കേതിക സംവിധാനങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

11. അച്ചടി സ്ഥാപനത്തിന്റെ ശേഷി, യന്ത്ര സംവിധാനങ്ങളുടെ മികവ്, അച്ചടി കൃത്യമായി നിർവഹിക്കുന്നത് സംബന്ധിച്ച കാര്യങ്ങൾ എന്നിവ ഡയറക്ടറോ അദ്ദേഹം ചുമതലപ്പെടുത്തുന്ന ഓഫീസറോ പരിശോധിച്ച ശേഷമായിരിക്കും കരാർ സംബന്ധിച്ച അന്തിമ തീരുമാനമെടുക്കുക. ഉന്നത ഗുണനിലവാരത്തിലും വേഗത്തിലും അച്ചടിക്കാനുള്ള അത്യാധുനിക യന്ത്രസംവിധാനം പ്രസ്സുകളിൽ ഉണ്ടായിരിക്കണം. പ്രസ്സിന്റെ നിലവാരവും സംവിധാനവും പരിശോധിച്ച് കരാർ സംബന്ധിച്ച അന്തിമ തീരുമാനം എടുക്കാൻ ഡയറക്ടർക്ക് പൂർണ്ണ അധികാരമുണ്ടായിരിക്കുന്നതാണ്.

12. കരാർ വ്യവസ്ഥ ലംഘിക്കുന്ന സ്ഥാപനത്തിന്റെ കരാർ റദ്ദാക്കാനുള്ള അധികാരം ഡയറക്ടറിൽ നിക്ഷിപ്തമായിരിക്കും.

ഇ-ടെണ്ടർ നോട്ടീസ് പ്രസിദ്ധീകരിക്കുന്ന തീയതി - 27.11.2025 11 Am
ഇ-ടെണ്ടർ സ്വീകരിക്കുന്ന അവസാന തീയതി - 18.12.2025 5 pm
ഇ-ടെണ്ടർ തുറക്കുന്ന തീയതി - 20.12.2025 11 Am

വിശ്വസ്തതയോടെ,

സുഭാഷ് ടി വി ഐ.എ.എസ്
ഡയറക്ടർ

**SUBHASH T.V. IAS**
Director
Information & Public Relations Dept.
Govt. Secretariat
Thiruvananthapuram